# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7163. 11.07.2014-ന് മറുപടിയ്ക്ക്

## റവന്യൂ വകുപ്പിൽ പ്രൊമോഷൻ

### ചോദ്യം

ശ്രീ.പി.തിലോത്തമൻ

(എ) റവന്യൂ വകുപ്പിൽ ക്ലാസ്സ് 3 വിഭാഗത്തിന് താഴെയുള്ള എല്ലാ വിഭാഗം ജീവനക്കാർക്കും ലഭിച്ചിരുന്ന പ്രമോഷൻ 10% ആയി നിജപ്പെടുത്തിക്കൊണ്ട് അടുത്തകാലത്ത് ഉത്തരവിറക്കിയിരുന്നോ എന്നു പറയാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ടി ഉത്തരവ് പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്കും ഓഫീസ് അറ്റന്റന്റുമാർക്കും ലഭിക്കുന്ന പ്രമോഷൻ എത്ര വീതമാണെന്നു പറയാമോ; ഈ ഉത്തരവ് പരിഷ്കരിച്ച് വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് നിലവിലുണ്ടായിരുന്ന പ്രമോഷൻ നിലനിർത്തി വീണ്ടും ഉത്തരവിറക്കിയിട്ടുണ്ടോ എന്നു പറയാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% -ത്തിൽ അതാത് വകുപ്പുകളിലെ ജീവനക്കാരിൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ.ഡി. ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിലുള്ളവർ) തസ്തികമാറ്റം വഴി യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ചില വ്യവസ്ഥകളോടെ തസ്തികമാറ്റം അനുവദിച്ച് 03.01.2014-ലെ ജി.ഒ (പി) നം.1/2014/ ഉഭപവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) റവന്യൂ വകുപ്പിനു മാത്രമായി പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) 03.01.2014-ലെ ജി.ഒ(പി) നം.1/2014/ ഉഭപവ നമ്പർ ഉത്തരവ് പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്കും ഓഫീസ് അറ്റൻഡന്റുമാർക്കും ആകെ 10% പ്രൊമോഷൻ ലഭിക്കുന്നതാണ്. പരിഷ്ക്കരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

Vatsala-SO
സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**